(എ) ചാലക്കുടിയിലുള്ള കോടശ്ശേരി പഞ്ചായത്തിലെ രണ്ടുകൈ ലോവർ പ്രൈമറി ഗിരിജൻ സ്കൂൾ വികസനാർത്ഥം സ്ഥലമെടുക്കുവാനുള്ള പരിപാടി ഏതു ഘട്ടത്തിലാണ് എന്നു വ്യക്തമാക്കാമോ;

(ബി) ഈ വിദ്യാലയത്തിനു വേണ്ട പണം ഗിരിജൻ വകുപ്പിൽ നിന്നും കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടുകൈ എൽ.പി. സ്കൂളിന് സ്ഥലമെടുക്കുന്നതിനു വേണ്ട നടപടികൾ തൃശൂർ ജില്ലാ കളക്ടർ സ്വീകരിച്ച് നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്;

(ബി) ഗിരിജൻ ഡിപ്പാർട്ടുമെന്റിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനു വേണ്ട തുകയൊന്നും വകയിരുത്തിയിട്ടില്ല.

ഉറുമ്പിക്കര, വടക്കേമല ഗിരിജൻ വാട്ടർ സപ്ലൈ സ്കീമുകൾ

472 [832] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിലെ ഉറുമ്പിക്കര, വടക്കേമല എന്നീ ഗിരിജൻ വാട്ടർ സപ്ലൈ സ്കീമുകൾക്ക് ഉപ പദ്ധതി പ്രകാരം അനുമതി നൽകാമോ?

ഉത്തരം

വടക്കേമല ഗിരിജൻ വാട്ടർ സപ്ലൈ സ്കീമിന് 3.50 ലക്ഷം രൂപ അടങ്കലുള്ള ഒരു പദ്ധതിക്ക് 3-8-1985-ൽ അനുമതി നൽകിയിട്ടുണ്ട്. ഉറുമ്പിക്കര ഗിരിജൻ വാട്ടർ സപ്ലൈ സ്കീമിന് ഉടൻ അനുമതി നൽകുന്നതാണ്.

സഹകരണ സ്ഥാപനങ്ങളിൽനിന്നും ഹരിജനങ്ങൾ എടുത്തിട്ടുള്ള വായ്പകൾ

473 [833] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ കഴിവില്ലാതായ ഹരിജനങ്ങൾക്കു വേണ്ടി ഹരിജനക്ഷേമ വകുപ്പിൽനിന്നും എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പയും നടപടിച്ചെലവുകളും പലിശയും തിരിച്ചടയ്ക്കാൻ കഴിവില്ലാത്ത ഹരിജനങ്ങൾ അടച്ചിട്ടുള്ള തുക മുതലിൽ വകയിരുത്തി പലിശയും നടപടിച്ചെലവുകളും ഇളവു ചെയ്യാനുള്ള നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly